**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1054** **29-08-2022 - ൽ മറുപടിയ്ക്ക്**

**വേമ്പനാട് കായലിലെ ജല ഗതാഗത പ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിൽ വേമ്പനാട്ടു കായലിലും കൈവഴികളിലും അടിഞ്ഞുകൂടിയ എക്കൽ നിക്ഷേപം വേമ്പനാട് കായലിലെ ജല ഗതാഗതത്തെ വളരെയധികം ബാധിക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | എക്കൽ മണൽ കായലുകളിൽ നിന്ന് നീക്കം ചെയ്യുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ? | (ബി) | അരൂർ നിയോജക മണ്ഡലത്തിൽ വേമ്പനാട് കായലിന്റെ തീരത്തിനോട് ചേർന്ന ഭാഗത്തിന്റേയും അനുബന്ധ തോടുകളുടേയും ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുന്നതിനും തീരം സംരക്ഷിക്കുന്നതിനുമായി 10 പ്രവൃത്തികൾ അടങ്ങിയ 27.32 കോടി രൂപയുടെ ഡി.പി.ആർ 12% GST ഉൾപ്പെടുത്തി PRICE 1 - ൽ തയ്യാറാക്കിയിരുന്നു. എന്നാൽ പുതുക്കിയ GST നിലവിൽ വന്നതിനാൽ നിലവിലെ 18% GST ഉൾപ്പെടുത്തി പുതുക്കിയ 28.79 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ